**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - പത്രപ്രവർത്തകേതര പെൻഷൻ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ.ഉ. (പി) നം. 61/2015/ധന. തീയതി, തിരുവനന്തപുരം 3.2.2015.

പരാമർശം:-1) 2.6.2011 ലെ സ.ഉ (പി) നം.250/11/ധന

2) അനൗദ്യോഗിക ഫയൽ നം.- 2907/ഇ2/2014/ ഐ & പി. ആർ.ഡി.

## ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പത്രപ്രവർത്തക പെൻഷൻ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിന് അനുമതി നല്കിയിരുന്നു. പത്രപ്രവർത്തകേതര പെൻഷൻ റീജിയണൽ ഡയറക്ടർ വഴി വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാനും പെൻഷൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പത്രപ്രവർത്തക പെൻഷൻ വിതരണം ചെയ്യുന്നതുപോലെ പത്രപ്രവർത്തകേതര പെൻഷനും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യണമെന്ന് പരാമർശം (2) പ്രകാരം ഭരണവകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തക പെൻഷൻ വിതരണം ചെയ്യുന്ന വ്യവസ്ഥകൾ പ്രകാരം പത്രപ്രവർത്തകേതര പെൻഷനും ട്രഷറി സേവിംഗ്സ് ബാങ്ക് (റ്റി.എസ്.ബി) അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

എ.ആർ.അജയകുമാർ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ജി ആന്റ് എസ്എസ്.എ.) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ.) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
ഐ& പി.ആർ.ഡി (ഇ) വകുപ്പ്
✓നോഡൽ ഓഫീസർ, www.fin.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ